File No.DWCD/425/2022-E7

വനിത ശിശുവികസന
ഡയറക്ടറേറ്റ്,
പൂജപ്പുര തിരുവനന്തപുരം
തീയതി :24/03/2022
Email
-wcdestablishment2017@gmail.com
Phone : 0471 - 2346508

**പരിപത്രം**

വിഷയം: വനിത ശിശുവികസന വകുപ്പ്-ജീവനക്കാര്യം -ജെ.ജെ ഹോമുകളിലെ താൽക്കാലിക നിയമനം- സംബന്ധിച്ച്.

സൂചന:

സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ബാല സംരക്ഷണ സ്ഥാപനങ്ങളിലെ ജീവനക്കാരെ നിയമിക്കുന്നതിന് മുൻപായി ടി ജീവനക്കാർ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ശിക്ഷിക്കപ്പെട്ടവരോ, കുട്ടികൾക്കെതിരെയുള്ള അതിക്രമം, ബാലവേല തുടങ്ങിയ കേസുകളിൽ പ്പെട്ടവരോ അല്ല എന്ന് ഉറപ്പാക്കി മാത്രമേ നിയമനം നടത്താവൂ എന്നും പോലീസ് വെരിഫിക്കേഷൻ നടത്താതെ ജെ.ജെ.ഹോമുകളിൽ ജീവനക്കാരെ നിയമിക്കാൻ പാടില്ല എന്നും 2016 ലെ ജുവനൈൽ ജസ്റ്റിസ് മോഡൽ റൂൾസിലെ 26 (5) 26( 6) എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് മുൻപായി ടി ജീവനക്കാർ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ശിക്ഷിക്കപ്പെട്ടവരോ, കുട്ടികൾക്കെതിരെയുള്ള അതിക്രമം, ബാലവേല തുടങ്ങിയ കേസുകളിൽപ്പെട്ടവരോ അല്ല എന്ന് ഉറപ്പാക്കി മാത്രമേ നിയമനം നടത്താവൂ. താൽക്കാലിക നിയമനം വഴി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് കരാർ കാലാവധി പൂർത്തിയായതിനുശേഷം പരിചയ സർട്ടിഫിക്കറ്റ് നൽകുമ്പോൾ, പ്രസ്തുത കാലയളവിൽ ടി ജീവനക്കാർ ഏതെങ്കിലും കുറ്റകൃത്യത്തിൽ ഏർപ്പെട്ടവരോ ശിക്ഷിക്കപ്പെട്ടവരോ ആണെങ്കിൽ അപ്രകാരവും അല്ലാത്ത പക്ഷം കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് നടപടി നേരിടുന്ന ആളല്ല എന്നും പ്രത്യേകം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്

Surial

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും

എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും

പ്രോഗ്രാം മാനേജർ,ഐ.സി.പി.എസ്